DESPATCHED
On.17/8/21....



6/8/21


**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in


ഹർജി നമ്പർ **AP 573(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.5561/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ആഗസ്റ്റ് 6

ശ്രീമതി. സുമിത ഷാജി,
മറ്റപ്പിള്ളിൽ വീട്,
അടിമാലി പി.ഒ.,
ഇടുക്കി–685 561.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ വെറ്ററിനറി സർജൻ, ഗവൺമെന്റ് വെറ്ററിനറി ഹോസ്പിറ്റൽ, അടിമാലി, ഇടുക്കി – 685 561.
2. അപ്പീൽ അധികാരി & ജില്ലാ മൃഗസംരക്ഷണ ഓഫീസർ, ജില്ലാ മൃഗസംരക്ഷണ ഓഫീസ്, ഇടുക്കി, മങ്ങാട്ടു കവല, തൊടുപുഴ ഈസ്റ്റ് പി.ഒ., പിൻ – 685 585.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 21.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.1.2021 & 23.1.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 12.2.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 15.3.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 25.4.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 30.4.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.6.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 26.7.2021 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 6.8.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br><br>എസ്.പി.ഐ.ഒ | ഹാജരായി<br><br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. സുമിത ഷാജി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമ

പ്രകാരം അടിമാലി ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഒന്നാം എതിർകക്ഷി ഓഫീസിലേയ്ക്ക് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ടിയാളുടെ അപേക്ഷ കൈമാറുകയും അപ്രകാരം ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും ആയത് തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ 15 ദിവസത്തിനുള്ളിൽ മറുപടി നൽകാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയെങ്കിലും വിവരങ്ങൾ നൽകിയിട്ടില്ലെന്നും ആയതിനാൽ ടിയാൾ ആവശ്യപ്പെട്ട മറുപടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നാണ്.

2. അപ്പീൽ ഹർജിയിലെ നടപടികളുമായി മുന്നോട്ട് പോകുവാൻ താത്പര്യമില്ലെന്ന് ഹിയറിംഗ് വേളയിൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ആഗസ്റ്റ് 6-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk

RIGHT TO INFORMATION